"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ കൊരട്ടി എം.എ.എം. ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി റിന്റി ഡേവിഡിന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം അംഗീകരിക്കുന്നത് - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2026/GEDN തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:- 1. കോർപ്പറേറ്റ് മാനേജരുടെ 12.03.2025 -ലെ റിവിഷൻ ഹർജി.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.06.2025 തീയതിയിലെ DGE/10463/2025-EC5 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തൃശ്ശൂർ കൊരട്ടി എം.എ.എം. ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി റിന്റി ഡേവിഡിന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ടി സ്കൂൾ മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. എം.എ.എം.എച്ച്.എസ് കൊരട്ടിയിലെ ക്ലാർക്ക് ശ്രീ ജോയ് വി.ഐ 31/05/2023 ൽ വിരമിച്ച ഒഴിവിൽ 01/06/2023 മുതൽ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി റിന്റി ഡേവിഡിനെ ക്ലാർക്ക് തസ്തികയിൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചിരുന്നു. എം.എ.എം.എച്ച്.എസ് കൊരട്ടിയിൽ ശ്രീമതി റിന്റി ഡേവിഡ് 01.03.2019 മുതൽ എഫ് ടി എം ആയും, 01.09.2021 മുതൽ ഓഫീസ് അറ്റൻഡന്റ് ആയും ജോലി നോക്കുന്നു.

3. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലാബ് അസിസ്റ്റന്റ് ആയി 01.06.2015 മുതൽ നേരിട്ട് ജോലിയിൽ പ്രവേശിച്ച ശ്രീ ക്രിസ്റ്റീൻ ജോയ് ഈ ക്ലാർക്ക് തസ്തികയിലേക്ക് അവകാശ വാദം ഉന്നയിച്ച് കോടതിയിൽ ഫയൽ ചെയ്ത 27945/2023 റിട്ട് ഹർജിയിൽ ഇപ്പോഴും അന്തിമ തീരുമാനം ആയിട്ടില്ല. എയ്ഡഡ് നോൺ ടീച്ചിങ് സ്റ്റാഫ് നിയമനവുമായി ബന്ധപ്പെട്ട് കെ ഇ ആർ ചാപ്റ്റർ XXIV A 1- Explanation (II) പ്രകാരം, The post of Lower Division Clerk shall be filled up by promotion of attenders, peons, Sweepers and other staff, if they possess the qualification prescribed for the post of Lower Division Clerk in sub-rule (1) or rule 2. എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. നിലവിൽ എം.എ.എം.എച്ച്.എസ് കൊരട്ടി ഹൈസ്കൂളിലെ സീനിയോറിറ്റി

പ്രകാരം ഓഫീസ് അറ്റൻഡന്റ് ആയി നിയമനം അംഗീകരിച്ചിട്ടുള്ള ശ്രീമതി റിന്റി ഡേവിഡ് Rule 43 അവകാശിയാണ്.

4. തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീമതി റിന്റി ഡേവിഡിന്റെ 01.06.2023 മുതലുള്ള നിയമനപ്രൊപ്പോസൽ ഓൺലൈൻ ആയി സമർപ്പിക്കുന്നതിൽ വന്ന 19 ദിവസത്തെ കാലതാമസം തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടർ സാധൂകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ശ്രീമതി റിന്റി ഡേവിഡിന്റെ 01.09.2021 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനവും അംഗീകരിക്കപ്പെട്ടു. അതായത് ശ്രീ ക്രിസ്റ്റീൻ ജോയ് ഈ ക്ലാർക്ക് തസ്തികയിലേക്ക് ഉന്നയിക്കുന്ന അവകാശ വാദം ഒഴികെ മറ്റ് തടസ്സങ്ങളൊന്നും ശ്രീമതി റിന്റി ഡേവിഡിന്റെ Clerk തസ്തികയിലെ നിയമനാംഗീകാരം സംബന്ധിച്ച് നിലവിലില്ല. ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഒറ്റ യൂണിറ്റായി പരിഗണിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു എന്നതിനാൽ ടി ഒഴിവിലേക്ക് തന്നെ പരിഗണിക്കണം എന്നതാണ് ശ്രീ ക്രിസ്റ്റീൻ ജോയ് -ടെ അവകാശവാദം.

5. ഒന്നാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ ഒറ്റ യൂണിറ്റായി പരിഗണിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നുവെങ്കിലും മൂന്ന് ഡയറക്ടറേറ്റായി പ്രത്യേകം നിലനിന്ന സംവിധാനത്തിലെ ജീവനക്കാരെ ഇന്റഗ്രേറ്റ് ചെയ്യുവാനോ അവരുടെ സേവനവേതന വ്യവസ്ഥകൾ തീർപ്പാക്കുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ പുനർവിന്യാസം, സ്പെഷ്യൽ റൂൾ, combined seniority എന്നിവ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. ആയതിനാൽ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ഹൈസ്കൂൾ വിഭാഗത്തിലെ ക്ലർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം/പ്രൊമോഷൻ വഴി നിയമിക്കാൻ നിലവിൽ വ്യവസ്ഥയില്ല. കൂടാതെ 14/06/2022 ലെ സ.ഉ (കൈ) 106/2022/പൊ.വി.വ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ക്ലാർക്ക്, എഫ്.ടി.എം തസ്തികകൾ 5 വർഷത്തേക്ക് താൽക്കാലികമായി സൃഷ്ടിച്ച്, ഇവയിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുമാണ് ഉത്തരവായിട്ടുള്ളത്.

6. മേൽ വസ്തുതകൾ പരിഗണിക്കുമ്പോൾ ശ്രീ ക്രിസ്റ്റീൻ ജോയിയെ ക്ലർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം/പ്രൊമോഷൻ വഴി നിയമിക്കാൻ നിലവിൽ വ്യവസ്ഥയില്ല. ശ്രീ ക്രിസ്റ്റീൻ ജോയ് ഫയൽ ചെയ്ത WP(C) 27945/2023 നമ്പർ റിട്ട് ഹർജിയിൽ ക്ലാർക്ക് തസ്തികയിലേക്ക് നിയമനം നടത്തരുതെന്നോ നിയമനാംഗീകാരം നല്കരുതെന്നോ ഉള്ള ഇടക്കാല ഉത്തരവുകളൊന്നും ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടില്ല. അതിനാൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ 43 claimant ആയ ശ്രീമതി റിന്റി ഡേവിഡിന്റെ Clerk തസ്തികയിലെ നിയമനാംഗീകാരം പരിഗണിക്കാവുന്നതാണ്.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഹയർസെക്കന്ററിയിലെ ജീവനക്കാർക്ക് സെക്കന്ററി തലത്തിലേക്ക് ബൈ ട്രാൻസ്ഫർ/സ്ഥാനക്കയറ്റ നിയമനങ്ങൾ ലഭ്യമല്ലാത്തതിനാൽ KER അധ്യായം XIV A ചട്ടം 1, ചട്ടം 43 എന്നിവ പ്രകാരം ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ തുടരുന്ന ശ്രീ ക്രിസ്റ്റീൻ ജോയിയെ ക്ലർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം/പ്രൊമോഷൻ വഴി നിയമിക്കാൻ നിലവിൽ വ്യവസ്ഥയില്ല. ആയതിനാൽ ശ്രീ ക്രിസ്റ്റീൻ ജോയ് ക്ലാർക്ക് തസ്തികയിലേക്ക് അവകാശ വാദം ഉന്നയിച്ച് കോടതിയിൽ ഫയൽ ചെയ്ത

27945/2023 റിട്ട് ഹർജിയിലെ അന്തിമവിധിക്ക് വിധേയമായി, ചട്ടം 43 അവകാശിയായ ശ്രീമതി റിന്റി ഡേവിഡിന്റെ തസ്തികയിലെ നിയമനാംഗീകാരം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ പരിഗണിക്കാവുന്നതാണ് എന്ന് കാണുന്നു.

8. മേൽ സാഹചര്യത്തിൽ, ശ്രീ ക്രിസ്റ്റീൻ ജോയ് ക്ലാർക്ക് തസ്തികയിലേക്ക് അവകാശ വാദം ഉന്നയിച്ച് കോടതിയിൽ ഫയൽ ചെയ്ത 27945/2023 റിട്ട് ഹർജിയിലെ അന്തിമവിധിക്ക് വിധേയമായി, ചട്ടം 43 അവകാശിയായ ശ്രീമതി റിന്റി ഡേവിഡിന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുവാൻ ഇരിഞ്ഞാലക്കുട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, അപ്രകാരം കൊരട്ടി എം.എ.എം. ഹയർ സെക്കന്ററി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

Manager, Corporate Educational Agency, St. Mary's Forane Church, Koratty, Koratty P.O., Thrissur - 680 308
ശ്രീമതി റിന്റി ഡേവിഡ്, ക്ലർക്ക്. എം.എ.എം. ഹയർ സെക്കൻററി സ്കൂൾ, കൊരട്ടി. തൃശ്ശൂർ - 680308
ശ്രീ.ക്രിസ്റ്റിൻ ജോയ്, ലബോറട്ടറി അസിസ്റ്റന്റ്, എം.എ.എം. ഹയർ സെക്കന്ററി സ്കൂൾ, കൊരട്ടി. തൃശ്ശൂർ- 680 308
മാനേജർ, എം.എ.എം. ഹയർ സെക്കന്ററി സ്കൂൾ, കൊരട്ടി. തൃശ്ശൂർ - 680 308
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഇരിഞ്ഞാലക്കുട.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 06-02-2026 13:05:37

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ് -ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.